കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല
പ്രവചന കാലയളവ് 24.09.2025 മുതൽ 28.09.2025 വരെ
വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 38/2025, (76) ചൊവ്വാഴ്ച | തീയ്യതി 23/09/2025 |
|---|---|

## 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 24.09.2025 | 25.09.2025 | 26.09.2025 | 27.09.2025 | 28.09.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 6 | 5 | 7 | 10 | 9 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 24 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 3 | 3 | 3 | 2 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 230 | 230 | 230 | 230 | 230 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ നേരിയ തോതിൽ മഴയ്ക്കും, ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത. 2025 സെപ്റ്റംബർ 25 മുതൽ 27 വരെ കേരളത്തിൽ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യത.

### വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

**പൊതുനിർദേശങ്ങൾ**:-. കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) | നിലം ഒരുക്കൽ | മുണ്ടകൻ കൃഷി ഇറക്കുന്ന പാടങ്ങളിൽ നിലം ഒരുക്കി കുമ്മായം ഇട്ടുകൊടുക്കുകയും, ഞാറ്റടി തയ്യാറാക്കുകയും ചെയ്യാവുന്നതാണ്. ഞാറ്റടി തയ്യാറാക്കുന്നതിന് മുൻപ് വിത്ത് സ്യൂഡോമോണോസുമായി കൂട്ടിക്കലർത്തുന്നത് രോഗബാധയകറ്റുന്നതിന് സഹായിക്കും. ഒരു കിലോഗ്രാം വിത്തിന് പത്ത് ഗ്രാം സ്യൂഡോമോണാസ് എന്ന തോതിൽ കലർത്തുക. |
| നെല്ല്(വിരിപ്പ്) പാലുറച്ച പരുവം | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ മത്തി ശർക്കര മിശ്രിതം 20 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. അല്ലെങ്കിൽ കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ പത്ത് മില്ലി അസാഡിറാക്റ്റിൻ അല്ലെങ്കിൽ രണ്ട് മില്ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുൻപോ, വൈകിട്ട് 3 മണിക്ക് ശേഷമോ ആയിരിക്കണം. അല്ലെങ്കിൽ മരുന്നുതളി പരാഗണത്തിനെ പ്രതികൂലമായി ബാധിക്കും. |
| തെങ്ങ് | പരിചരണം | ഒരു വർഷത്തേക്കുള്ള രാസവള പ്രയോഗത്തിന്റെ രണ്ടാം ഗഡു. ജലസേചന സൗകര്യമുള്ള തെങ്ങുകൾക്ക് യൂറിയ 550 ഗ്രാം, രാജ്ഫോസ് 700 ഗ്രാം, പൊട്ടാഷ് 800 ഗ്രാം വീതവും മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്ന തെങ്ങുകൾക്ക 500 ഗ്രാം യൂറിയ 800 ഗ്രാം രാജ്ഫോസ് ഒരു കിലോ പൊട്ടാഷും തെങ്ങൊന്നിന് ഇട്ടു കൊടുക്കുക. |
| വാഴ | പരിചരണം | വാഴക്കന്ന് നടുന്നതിനു മുൻപ് കന്നിന്റെ അടിഭാഗത്തിനു ചുറ്റും ചെത്തി വൃത്തിയാക്കി, ചാണകലായനിയും, ചാരവും കലർന്ന മിശ്രിതത്തിൽ മുക്കി മൂന്നുനാലു ദിവസം വെയിലത്ത് വെച്ചുണക്കി നടുക. നടുന്ന സമയത്ത് ഒരോ വാഴക്കന്നിനും ഒരു കിലോ വേപ്പിൻ പിണ്ണാക്ക് വീതം ഇട്ടുകൊടുക്കുക. |

മൃഗസംരക്ഷണം-: എലിപ്പനിക്കും, പരാദ രോഗങ്ങൾക്കുമെതിരെ ജാഗ്രത പുലർത്തുക. ശരീരത്തിലുണ്ടാകുന്ന മുറിവുകൾക്ക് അടിയന്തിര ശ്രദ്ധ നൽകുക. കന്നുകാലി ഷെഡ്ഡും പരിസരവും ശുചിയായി സൂക്ഷിക്കുക. (CAADECCS, KVASU, Mannuthy)